# കണ്ണൂർ സർവകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

DOA/A2/2627/UG ADMISSION/2026-27
02.06.2026

**വിജ്ഞാപനം**

കണ്ണൂർ സർവകലാശാല പഠനവകുപ്പുകളിലെ അഞ്ച് വർഷ ഏകീകൃത ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജ് (Govt./Aided)കളിലെ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുമുള്ള 2026 -27 അധ്യയന വർഷത്തെ ഏകജാലക പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

സർവകലാശാല പഠനവകുപ്പുകളിലെ അഞ്ച് വർഷ ഏകീകൃത ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ മൂന്ന് വർഷം പൂർത്തിയാകുമ്പോഴോ നാല് വർഷം പൂർത്തിയാകുമ്പോഴോ വിട്ടുതൽ ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾക്ക് അവർ നേടിയ ക്രെഡിറ്റിൻറെ അടിസ്ഥാനത്തിൽ Degree, Degree(Hons.), Degree (Hons.with Research) എന്നിങ്ങനെയുള്ള ബിരുദങ്ങൾ ലഭിക്കുന്നതാണ്.

അഫിലിയേറ്റഡ് കോളേജുകളിലെ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് ബിരുദം പൂർത്തിയാക്കാൻ മാനദണ്ഡങ്ങൾക്ക് വിധേയമായി ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് ഓപ് ഷനുകൾ ലഭ്യമാണ്.

1) 3 വർഷത്തെ യു. ജി ബിരുദം
2) 4 വർഷത്തെ യു ജി ബിരുദം(ഓണേഴ്സ്)
3) 4 വർഷത്തെ യു ജി ബിരുദം (ഓണേഴ്സ് വിത്ത് റിസേർച്ച്)

അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 15 ജൂൺ 2026, വൈകുന്നേരം 5 മണിക്ക് അവസാനിക്കുതാണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളും പ്രോസ്പെക്ടസും admissions.kannuruniversity.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീസ്- 600/- രൂപ (SC/ST /PwBD വിഭാഗത്തിന് 300 /- രൂപ )**

അലോട്ട്മെൻറ് തിയ്യതി, അഡ്മിഷൻ എടുക്കേണ്ട തിയ്യതി തുടങ്ങിയവ അതത് സമയങ്ങളിൽ വെബ്സൈറ്റ്, പത്രക്കുറിപ്പ് എന്നിവ വഴി അറിയിക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് അപേക്ഷകർ സർവകലാശാല അഡ്മിഷൻ വെബ്സൈറ്റും സർവകലാശാല പത്രക്കുറിപ്പുകളും ശ്രദ്ധിക്കേണ്ടതാണ്.

Sd/-

General Form of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 02-Jun-2026 04:07 PM - Page 1

**ഡയറക്ടർ**

ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**സ്വീകർത്താവ്** :

1. പ്രിൻസിപ്പാൾമാർ, അഫിലിയേറ്റഡ് കോളേജുകൾ (Govt./Aided)

2.വെബ് മാനേജർ (വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

3. ITഡയറക്ടറേറ്റ്

Copy to : അന്വേഷണ വിഭാഗം

neral Form of File DOA/A2/2627/UG ADMISSION/2026-27 Approved by Director Directorate of admission on 02-Jun-2026 04:07 PM - Page 2